പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5208* 30.06.2014-ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യുടെ പെൻഷൻ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ജീവനക്കാരുടെ പെൻഷൻ പദ്ധതി എൽ.ഐ.സി-യെ ഏൽപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ എൽ.ഐ.സി.യെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇല്ലെങ്കിൽ ഗവൺമെന്റുമായി ചേർന്ന് എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാദ്ധ്യത പൂർണ്ണമായും നേരിട്ട് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിനായി നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ പെൻഷൻ പദ്ധതിക്കായി തുക കണ്ടെത്തുന്നതിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ ടി പാക്കേജിന്റെ ഭാഗമായി 31.03.2013 വരെ കോർപ്പറേഷൻ സർക്കാരിന് വായ്പ ഇനത്തിൽ നൽകാനുള്ള 665.50 കോടി രൂപ മൂലധന നിക്ഷേപമായി മാറ്റുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിക്കുന്നുണ്ട്. |
| (സി) | ഈ സ്ഥാപനത്തിന്റെ ഏതൊക്കെ ബാധ്യതകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ